2024
APRIL
27
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




# രണ്ടാംഘട്ട വോട്ടെടുപ്പിൽ രാജ്യത്ത് 61 ശതമാനം പോളിങ്; മഹാരാഷ്ട്രയിൽ പോളിങ് കുറവ്

**ന്യൂഡൽഹി:** 88 മണ്ഡലങ്ങളിലായി നടക്കുന്ന രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ 7 മണി വരെ 60.96 ശതമാനം പോളിങ്. 1200 സ്ഥാനാർഥികളാണ് തിരഞ്ഞെടുപ്പിൽ ജനവിധി തേടുന്നത്.



ത്രിപുരയിലാണ് ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയത്. 5 മണി വരെ 77.53 ശതമാനം പേർ വോട്ട് ചെയ്തു. ഉത്തർപ്രദേശിൽ 52.74 ശതമാനം പേർ മാത്രമാണ് വോട്ട് ചെയ്തതെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. മണിപ്പൂർ (76.06 ശതമാനം), ബംഗാൾ (71.84) ഛത്തിസ്ഗഡ് (72.13) അസം (70.66), മഹാരാഷ്ട്ര (53.51), ബിഹാർ (53.03), മധ്യപ്രദേശ് (54.83), രാജസ്ഥാൻ (59.19), കേരളം (70.31), കർണാടക (63.90) ജമ്മു കശ്മീർ (67.22) എന്നിങ്ങനെയാണ് ശതമാനക്കണക്ക്. കേരളത്തിലെ എല്ലാ സീറ്റുകളിലും കർണാടകയിലെ 28ൽ 14 സീറ്റുകളിലും രാജസ്ഥാനിൽ 13 സീറ്റുകളിലും മഹാരാഷ്ട്രയിലും ഉത്തർപ്രദേശിലും 8 സീറ്റുകളിലും മധ്യപ്രദേശിൽ 7 സീറ്റുകളിലും അസമിലും ബിഹാറിലും 5 സീറ്റുകളിലും ഛത്തീസ്ഗഡിലും പശ്ചിമ ബംഗാളിലും 3 സീറ്റുകളിലുമാണ് തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നത്. ബിജെപിയിൽ നിന്നും കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ,തേജസ്വി സൂര്യ, ഹേമമാലിനി, അരുൺ ഗോവിൽ, കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, ശശി തരൂർ, കർണാടക ഉപമുഖ്യമന്ത്രി ഡികെ ശിവകുമാറിന്റെ സഹോദരൻ ഡി.കെ.സുരേഷ്, കർണാടക മുൻ മുഖ്യമന്ത്രി എച്ച്.ഡി.കുമാരസ്വാമി എന്നിവരാണ് രണ്ടാംഘട്ട തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പ്രമുഖർ. രണ്ടാംഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ 2019ൽ എൻഡിഎ 56 സീറ്റുകളിലും യുപിഎ 24 സീറ്റുകളിലുമാണ് വിജയിച്ചത്.



# ഇരുപത് രൂപയ്ക്ക് ഭക്ഷണം, മൂന്ന് രൂപയ്ക്ക് വെള്ളം; സ്വപ്ന പദ്ധതിയുമായി റെയിൽവേ

**കൊച്ചി:** ട്രെയിനിൽ യാത്ര ചെയ്യുന്നവർക്ക് കുറഞ്ഞ ചിലവിൽ ഭക്ഷണമൊരുക്കാൻ റയിൽവേ. ഐആർസിടിസിയുമായി ചേർന്ന് 20 രൂപ, 50 രൂപ എന്നിങ്ങനെ രണ്ട് നിരക്കിലുള്ള ഉച്ചഭക്ഷണമാണ് യാത്രക്കാർക്ക് ലഭ്യമാവുക.

കൗണ്ടറുകൾ തിരിച്ചാവും ഭക്ഷണം വിൽപന നടത്തുക. പൂരിയും ബാജിയുമുള്ള ജനതാ ഖാനക്ക് 20 രൂപയാണ്. ലെമൺ റൈസിനും തൈർസാദത്തിനും ഇതേ വില തന്നെ. വെജിറ്റേറിയൻ ഊണിന് 50 രൂപയാണ് നിരക്ക്. സ്റ്റോക്കുണ്ടെങ്കിൽ മസാല ദോശയും ഈ നിരക്കിൽ കിട്ടും. ഇതിനൊപ്പം മൂന്ന് രൂപ മുടക്കിയാൽ 200 എംഎൽ കുടിവെള്ളവും കിട്ടും.

ജനറൽ കോച്ചുകൾ വന്ന് നിൽക്കുന്ന സ്ഥലത്താണ് കൗണ്ടറുകൾ ഒരുക്കുക. രാജ്യത്തെ പ്രധാന 100 സ്റ്റേഷനുകളിലാണ് ഈ സംവിധാനം ആരംഭിച്ചിരിക്കുന്നത്. നിലവിൽ തിരുവനന്തപുരം സെൻട്രൽ, കൊച്ചുവേളി, നാഗർകോവിൽ, എറണാകുളം ജങ്ഷൻ, എറണാകുളം ടൗൺ, വർക്കല, ആലപ്പുഴ, കോട്ടയം, ആലുവാ, തൃശ്ശൂർ എന്നിവിടങ്ങളിൽ കൗണ്ടർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിജയം കണ്ടാൽ മറ്റു സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കാനാണ് റയിൽവേയുടെ തീരുമാനം. വെസ്റ്റേൺ റെയിൽവേ 150 കൗണ്ടറുകൾ 50 സ്റ്റേഷനുകളിൽ ഇതിനകം ഒരുക്കിക്കഴിഞ്ഞു.

# ജർമനിയിലെ നഴ്സിങ്, കെയർ മേഖലകളിലേക്ക് ഇന്ത്യയിൽനിന്ന് റിക്രൂട്ട്മെൻറ് വർധിപ്പിക്കും

**തിരുവനന്തപുരം:** കേരളത്തിൽ നിന്നു ജർമനിയിലേക്കുള്ള വിവിധ റിക്രൂട്ട്മെൻറ് പദ്ധതികളുടെ ഭാഗമായി നൈപുണ്യ വികസനം, പരസ്പര സഹകരണം എന്നിവ ചർച്ച ചെയ്യുന്നതിനായുള്ള ബന്ധപ്പെട്ട ഏജൻസികളുടെ സമ്മേളനം തിരുവനന്തപുരത്തു നടത്തി. കേരളത്തിൽ നിന്നു ജർമനിയിലേക്കുള്ള നഴ്നിങ് റിക്രൂട്ട്മെൻറിനായുള്ള ട്രിപ്പിൽ വിൻ, ട്രിപ്പിൾ വിൻ ട്രെയ്നി പദ്ധതികളുടെ വിപുലീകരണവും നിലവിലുള്ള റിക്രൂട്ട്മെൻറ് നടപടികൾ വേഗത്തിലാക്കുന്നതിനുള്ള തീരുമാനങ്ങളും യോഗത്തിൽ സ്വീകരിച്ചു. പ്രതിവർഷം 1000 റിക്രൂട്ട്മെൻറുകൾ എന്ന ലക്ഷ്യത്തിലേക്കുള്ള നടപടികളും ചർച്ച ചെയ്തു.



കെയർഗിവർമാർക്കായി പ്രത്യേക റിക്രൂട്ട്മെൻറ് സംഘടിപ്പിക്കും. ആരോഗ്യമേഖലയ്ക്കു പുറമേ സ്കിൽഡ് ആൻറ് സെമിസ്കിൽഡ് ജീവനക്കാരുടെ റിക്രൂട്ട്മെൻറ് സാധ്യതകൾ കണ്ടെത്താനും യോഗം തീരുമാനിച്ചു. നോർക്ക റൂട്ട്സ്, ജർമൻ ഫെഡറൽ എംപ്ളോയ്മെൻറ് ഏജൻസി, ജർമൻ ഏജൻസി ഫോർ ഇൻറർനാഷണൽ കോഓപ്പറേഷൻ എന്നിവയുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

വിദ്യാഭ്യാസ, വ്യക്തിവിവര സർട്ടിഫിക്കറ്റുകൾ ജർമൻ ഭാഷയിലേക്കു പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കും. വർക്ക് പെർമിറ്റ് പ്രക്രിയ കൂടുതൽ ഡിജിറ്റലാക്കും.

സമ്മേളനത്തിൻറെ ഭാഗമായി ട്രിപ്പിൾ വിൻ പദ്ധതിയിൽ കേരളത്തിൽ നിന്നും 252 നഴ്സുമാർ ജർമനിയിൽ എത്തിയതിൻറെ ആഘോഷവും സംഘടിപ്പിച്ചു.



# ലോക്സഭ തിരഞ്ഞെടുപ്പ്: സംസ്ഥാനത്ത് വോട്ടിങ് സമാധാനപൂർണം: മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ

**തിരുവനന്തപുരം:** ലോക്സഭ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ് സംസ്ഥാനത്ത് സുഗമവും സുരക്ഷിതവുമായി പൂർത്തിയായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. രാവിലെ ഏഴിന് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറിന് അവസാനിച്ചു. ആറ് മണിക്ക് ശേഷവും ക്യൂവിലുണ്ടായിരുന്ന മുഴുവൻ പേർക്കും വോട്ട് ചെയ്യാൻ അവസരം ഒരുക്കി.

സംസ്ഥാനത്തൊരിടത്തും അനിഷ്ട സംഭവവികാസങ്ങളുണ്ടായില്ല. ചിലയിടങ്ങളിൽ ഉണ്ടായ സാങ്കേതിക പ്രശ്നങ്ങളും പരാതികളും അപ്പപ്പോൾ തന്നെ പരിഹരിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ മുഴുവൻ പോളിങ് ബൂത്തുകളിലും രാവിലെ ഏഴിന് വോട്ടിങ് ആരംഭിച്ചപ്പോൾ തന്നെ വലിയതോതിലുള്ള പങ്കളിത്തമാണുണ്ടായത്.കടുത്ത ചൂടും പ്രതികൂല കാലാവസ്ഥയും അവഗണിച്ച് യുവ വോട്ടർമാരും സ്ത്രീവോട്ടർമാരുമടക്കം എല്ലാ വിഭാഗങ്ങളും വളരെ ആവേശത്തോടുകൂടി തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗഭാക്കായി. വോട്ടർമാർക്ക് കുടിവെള്ളം, ഭിന്നശേഷിക്കാരായ വോട്ടർമാർക്ക് ബൂത്തുകളിൽ വീൽചെയർ, റാമ്പ്, പ്രത്യേക ക്യൂ എന്നിവ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. 66,303 പൊലീസ് ഉദ്യോഗസ്ഥർ ബൂത്തുകൾക്ക് സുരക്ഷയേകി. എട്ട് ജില്ലകളിൽ 100 ശതമാനം ബൂത്തുകളിലും ആറ് ജില്ലകളിലെ 75 ശതമാനം ബൂത്തുകളിലും തത്സമയ നിരീക്ഷണത്തിനുള്ള വെബ്കാസ്റ്റിങ് സംവിധാനം ഏർപ്പെടുത്തിയിരുന്നു.

വോട്ടിങ് പൂർത്തിയായ ശേഷം പോളിങ് ബൂത്തുകളിൽ നിന്ന് സുരക്ഷിതമായി സംസ്ഥാനത്തെ 140 കളക്ഷൻ കേന്ദ്രങ്ങളിലെത്തിച്ച ശേഷം വോട്ടിങ് യന്ത്രങ്ങൾ 20 കേന്ദ്രങ്ങളിലുള്ള സ്ട്രോങ് റൂമുകളിലേക്കാണ് മാറ്റുന്നത്. അതിസുരക്ഷാ സംവിധാനങ്ങളാണ് സ്ട്രോങ് റൂമുകളുള്ള കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളത്.



# എറണാകുളം ജില്ലയിൽ 69.42 ശതമാനം പോളിംഗ്

**കൊച്ചി:** എറണാകുളം ലോകസഭാ മണ്ഡലത്തിൽ ഇക്കുറി 68.27 ശതമാനം പോളിംഗ്. ജില്ലയിലെ നാല് നിയമസഭാ മണ്ഡലങ്ങൾ ഉൾപ്പെടുന്ന ചാലക്കുടിയിൽ 71.84 ശതമാനവും പോളിംഗ് രേഖപ്പെടുത്തി. കോട്ടയം, ഇടുക്കി ലോകസഭാ മണ്ഡലങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള മൂവാറ്റുപുഴ, കോതമംഗലം, പിറവം മണ്ഡലങ്ങൾക്കൂടി ഉൾപ്പെടുത്തിയാൽ ജില്ലയിലെ ആകെ പോളിംഗ് ശതമാനം 69.42 ആണ്.

തെരഞ്ഞെടുപ്പ് കമ്മീഷൻറെ റിപ്പോർട്ട് പ്രകാരം രാത്രി 10 വരെയുള്ള കണക്കാണിത്. ജില്ലയിൽ 70.38 ശതമാനം പുരുഷന്മാരും 67.57 ശതമാനം സ്ത്രീകളും 32.25 ശതമാനം ട്രാൻസ്ജെൻഡർമാരുമാണ് വോട്ട് രേഖപ്പെടുത്തിയത്. പോളിംഗ് സമയം കഴിഞ്ഞും ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ടനിരയുണ്ടായിരുന്നതിനാൽ അന്തിമ വോട്ട് ശതമാനം ഇതിലും ഉയർന്നേക്കും.

നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ കുന്നത്തുനാടിലാണ് ഉയർന്ന പോളിംഗ്. 78.12 ശതമാനം. 65.73 ശതമാനം പോളിംഗ് രേഖപ്പെടുത്തിയ പിറവത്താണ് കുറവ് ആളുകൾ വോട്ട് രേഖപ്പെടുത്തിയത്. കഴിഞ്ഞ തവണ കുന്നത്തുനാടിൽ 84.40 ശതമാനമായിരുന്നു പോളിംഗ്. പിറവത്ത് 75.13 ശതമാനവും.

മറ്റ് മണ്ഡലങ്ങളിലെ പോളിംഗ് നില (ബ്രാക്കറ്റിൽ 2019ലെ ശതമാനം): പെരുമ്പാവൂർ 73.24 (81.71), അങ്കമാലി 68.32(79.93), ആലുവ 70.66(80.44), കളമശേരി 70.55(80.14), പറവൂർ 72.81(81.70), വൈപ്പിൻ 71 (78.37), കൊച്ചി 66.35 (75.21), തൃപ്പൂണിത്തുറ 67.66 (77.14), തൃക്കാക്കര 66.29(76.06), എറണാകുളം 62.42(73.29), മൂവാറ്റുപുഴ 68.41 (77.85), കോതമംഗലം 70.04(79.84).

എറണാകുളം ലോക്സഭാ മണ്ഡലത്തിൽ 1324047 വോട്ടർമാരിൽ 903914 പേരാണ് വോട്ട് ചെയ്തത്. ഇവരിൽ 640662 പുരുഷ വോട്ടർമാരിൽ 450835 പേർ വോട്ട് രേഖപ്പെടുത്തി.

ആകെ 683370 സ്ത്രീ വോട്ടർമാരിൽ 453112 സ്ത്രീകൾ വോട്ട് രേഖപ്പെടുത്തി. 15 ട്രാൻസ്ജെൻഡർമാരിൽ നാലു പേർ വോട്ട് ചെയ്തു.

ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ ആകെ 1310529 വോട്ടർമാരിൽ 941612 പേർ വോട്ട് രേഖപ്പെടുത്തി. ഇതിൽ 634347 പുരുഷ വോട്ടർമാരിൽ 459917 പേരും, 676161 സ്ത്രീ വോട്ടർമാരിൽ 481687 പേരും വോട്ട് രേഖപ്പെടുത്തി. 21 ട്രാൻസ്ജെൻഡർമാരിൽ എട്ടു പേരും വോട്ട് ചെയ്തു.

രാവിലെ ഏഴിന് വോട്ടെടുപ്പ് ആരംഭിച്ചത് മുതൽ ബൂത്തുകളിൽ വലിയ തിരക്കാണ് അനുഭവപ്പെട്ടത്. വെയിൽ കനത്തതോടെ പോളിംഗ് മന്ദഗതിയിലായി.

ഉച്ചയോടെ 50 ശതമാനത്തോളം പോളിംഗ് എത്തിയിരുന്നു. വൈകുന്നേരം നാലോടെ വീണ്ടും പോളിംഗ് നില ഉയർന്നു. പോളിംഗ് സമയം അവസാനിച്ചിട്ടും ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ടനിരയായിരുന്നു. വോട്ടിംഗ് മെഷീനുകളിലെ സാങ്കിതിക തകരാറുകളും വോട്ടിംഗിന് വേണ്ടി വന്ന അധിക സമയവും മൂലം പോളിംഗ് വൈകി.



# ക്രെഡിറ്റ് കാർഡ് ഉപയോഗത്തിനു നിയന്ത്രണം വന്നേക്കും

**മുംബൈ:** ഇന്ത്യയിൽ ക്രെഡിറ്റ് കാർഡ് ഉപയോഗം റെക്കോഡ് വളർച്ചയാണ് നേടുന്നത്. എന്നാൽ, ഉപയോക്താക്കളും വ്യാപാരികളും തമ്മിലുള്ള ഇടപാടുകൾക്കു വേണ്ടി രൂപകൽപ്പന ചെയ്യപ്പെട്ട ക്രെഡിറ്റ് കാർഡുകൾ മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ വിവിധ ധനകാര്യ സ്ഥാപനങ്ങൾ പ്രോത്സാഹനം നൽകുന്നത് റിസർവ് ബാങ്കിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാർഡ് ഉപയോഗത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലാണെന്നാണ് സൂചന.

വീട്ടു വാടക കൈമാറുക, ട്യൂഷൻ ഫീസ് അടയ്ക്കുക തുടങ്ങി വ്യക്തികളിൽ നിന്നു വ്യക്തികളിലേക്കുള്ള പണം കൈമാറ്റത്തിനും ഇപ്പോൾ ചില ക്രെഡിറ്റ് കാർഡുകൾ സൗകര്യം ചെയ്യുന്നുണ്ട്. മുൻപ് ഫീസ് ഈടാക്കിയാണ് ഇത്തരം സേവനങ്ങൾ നൽകിയിരുന്നതെങ്കിൽ, ഇപ്പോൾ ഫീസ് ഒഴിവാക്കി പകരം അങ്ങോട്ട് റിവാർഡ് പേയ്മെൻറുകൾ നൽകി ഇത്തരം ഇടപാടുകളെ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്.

എന്നാൽ, ഈ രീതിയിലുള്ള പണം കൈമാറ്റം ക്രെഡിറ്റ് കാർഡ് ഉപയോഗത്തിൻറെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണെന്ന വിലയിരുത്തലാണ് റിസർവ് ബാങ്കിനുള്ളതെന്നറിയുന്നു. ഈ സാഹചര്യത്തിലാണ് വ്യക്തികൾക്കിടയിലുള്ള പണം കൈമാറ്റത്തിന് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാൻ പാടില്ലെന്ന നിയന്ത്രണം കൊണ്ടുവരാൻ ആലോചിക്കുന്നത്.



# ബണ്ട് നവീകരണം തുടങ്ങി

**ചിറ്റൂർ:** മാഞ്ചിറയിൽ റോഡുവക്കത്ത് കുളത്തിൻറെ ബണ്ടിടിഞ്ഞ് വാഹനസഞ്ചാരത്തിന് ഭീഷണിയായ സ്ഥലത്ത് പൊതുമരാമത്ത് പുനർനിർമാണം തുടങ്ങി. കമ്പിളിച്ചുങ്കം ചിറ്റൂർ പ്രധാന പാതയ്ക്ക് തെക്ക് ഭാഗത്തായാണ് കുളമുള്ളത്. കേരളതമിഴ്നാട് അന്തർ സംസ്ഥാന പ്രധാന പാതയായതിനാൽ റെഗുലർ സർവീസിനു പുറമെ ചരക്കുകടത്ത് വാഹനങ്ങളും സഞ്ചരിക്കുന്ന പ്രധാന പാതയാണിത്.

കാർഷികാവശ്യത്തിനു പുറമെ സമീപവാസികൾക്ക് കുളിക്കാനും അലക്കാനും കുളത്തിലെ വെള്ളം ഏറെ സൗകര്യമായിരുന്നു. ബണ്ടിടിഞ്ഞു തുടങ്ങിയതോടെ കൂടുതൽ ജലം സംഭരിക്കാൻ കഴിയാത്ത സാഹചര്യമാണ്. അരികിടിഞ്ഞ സ്ഥലത്തിനു സമീപം വാഹനങ്ങൾ പാർക്ക് ചെയ്തിരുന്നതും അപകട ഭീഷണിയിലായിരുന്നു. ബണ്ട് പുനർനിർമാണം പൂർത്തിയായാൽ കൂടുതൽ ജലം സംഭരിക്കുന്നതിനും സൗകര്യമാകും.

# ഡയാലിസിസ് സെൻറർ തുറന്നില്ല

**ഷൊർണൂർ:** പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെൻറർ ഇനിയും തുറന്നില്ല. പണി പൂർത്തിയായിട്ടും ഡയാലിസിസ് സെൻററിലേക്ക് യന്ത്രങ്ങൾ എത്താത്തതിനാലാണിത്.

കഴിഞ്ഞ നവംബറിൽ താലൂക്ക് ആശുപത്രി സന്ദർശിച്ച ആരോഗ്യമന്ത്രി ഡിസംബറിൽ ഡയാലിസിസ് സെൻറർ തുറക്കുമെന്നാണ് അറിയിച്ചിരുന്നെങ്കിലും നാലുമാസം പിന്നിട്ടിട്ടും തുറക്കാനായില്ല.മൂന്നാഴ്ചയ്ക്കകം യന്ത്രങ്ങൾ എത്തിക്കാമെന്ന് ഉറപ്പുലഭിച്ചതായി അറിയിച്ച മന്ത്രി ഡിസംബർ പകുതിയോടെ ഡയാലിസിസ് സെൻറർ പ്രവർത്തന സജ്ജമാകുമെന്നറിയിച്ചാണ് ആശുപത്രി വിട്ടത്. ഡയാലിസിസ് രോഗികൾ ഏറെയുള്ള പ്രദേശമാണ് പട്ടാമ്പി നഗരസഭയും പരിസര പഞ്ചായത്തുകളും. സർക്കാർ ആശുപത്രിയിൽ ഡയാലിസിസ് സെൻറർ തുടങ്ങുന്നതും കാത്തിരിപ്പാണ് രോഗികൾ.




# ഈസ് 5.0 പരിഷ്കരണ സൂചികയിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനം

**മുംബൈ:** മുൻനിര പൊതുമേഖലാ ബാങ്കുകളിലൊന്നായ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, 202223 സാമ്പത്തിക വർഷത്തേക്കുള്ള എൻഹാൻസ്ഡ് ആക്സസ് & സർവീസ് എക്സലൻസ് 5.0 പരിഷ്കരണ സൂചികയിൽ രണ്ടാമത്തെ മികച്ച ബാങ്കായി തെരഞ്ഞെടുക്കപ്പെട്ടു. പരിഷ്കരണ അജണ്ടയുടെ മൂന്ന് തീമുകളിൽ യൂണിയൻ ബാങ്ക് വിജയിയായി.

ഡിജിറ്റലായി പ്രവർത്തനക്ഷമമാക്കിയ ഉപഭോക്തൃ ഓഫറുകൾ, ആധുനിക സാങ്കേതിക കഴിവുകൾ, ജീവനക്കാരുടെ വികസനവും ഭരണവും എന്നീ വിഭാഗങ്ങളിലാണ് ബാങ്ക് മുന്നിലെത്തിയത്.

ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ (ഐബിഎ) മുംബൈയിൽ സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്ര ധനകാര്യ വകുപ്പ് ഡിപ്പാർട്ടമെന്റ് ഓഫ് ഫിനാൻഷ്യൽ സർവീസസ് സെക്രട്ടറി ഡോ. വിവേക് ജോഷി ബാങ്കിനെ ആദരിച്ചു.

പൊതുമേഖലാ ബാങ്കുകളുടെ പരിഷ്കരണ അജണ്ടയുടെ ഭാഗമായി ഇന്ത്യാ ഗവൺമെന്റിന്റെ ധനമന്ത്രാലയം, സാമ്പത്തിക സേവന വകുപ്പ് എന്നിവയുടെ ഒരു സംരംഭമാണ് ഇഅടഋ. ഡിജിറ്റലായി പ്രവർത്തനക്ഷമമാക്കിയ ഉപഭോക്തൃ ഓഫറുകൾ, ബിഗ് ഡാറ്റയും അനലിറ്റിക്സും, ആധുനിക സാങ്കേതിക ശേഷികളും, സഹകരണവും വികസനവും കേന്ദ്രീകരിച്ചുള്ള ബാങ്കിംഗ്, ജീവനക്കാരുടെ വികസനവും ഭരണവും എന്നിവയായിരുന്നു പ്രധാന മുൻഗണനകൾ.

പരിഷ്കരണ നടപടികളും സംരംഭങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിനാൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ വർഷങ്ങളായി പരിഷ്കരണ സൂചികയിലെ മികച്ച പ്രകടനം നടത്തുന്നവരുടെ കൂട്ടത്തിൽ സ്ഥിരമായി റാങ്ക് ചെയ്യപ്പെട്ടിട്ടുണ്ട്



# ബോർഡ് എക്സാം വർഷത്തിൽ രണ്ടു തവണയാക്കുന്നത് സിബിഎസ്ഇ പരിഗണിക്കുന്നു

**ന്യൂഡൽഹി:** വിദ്യാർഥികൾക്ക് പ്രകടനം മെച്ചപ്പെടുത്താൻ അവസരമൊരുക്കിക്കൊണ്ട് വർഷത്തിൽ രണ്ടു വട്ടം ബോർഡ് എക്സാം നടത്തുന്നത് സിബിഎസ്ഇയുടെ പരിഗണനയിൽ. രണ്ടാം വട്ടം എഴുതുന്ന പരീക്ഷയ്ക്ക് ആദ്യത്തേതിനെക്കാൽ മാർക്ക് കുറവാണെങ്കിൽ, കൂടുതലുള്ള മാർക്ക് നിലനിർത്താനും സൗകര്യം ലഭിക്കും എന്നാണ് സൂചന.

ഇങ്ങനെയൊരു മാറ്റത്തെക്കുറിച്ച് വിശദമായി പഠിക്കാനും വിവിധ വശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാനും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ് സിബിഎസ്ഇക്കു നിർദേശം നൽകിയിരിക്കുന്നത്. അംഗീകരിക്കപ്പെട്ടാൽ 202526 അധ്യയനവർഷം മുതൽ ഇതു നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയുന്നു.

അതേസമയം, പ്ലസ് ടുവിന് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കാനുള്ള നിർദേശം നിരാകരിച്ചിട്ടുമുണ്ട്. ബോർഡ് എക്സാം അടക്കമുള്ള വിഷയങ്ങളിലെ ഭേദഗതി നിർദേശങ്ങൾ സംബന്ധിച്ച് അടുത്ത മാസം സ്കൂൾ പ്രിൻസിപ്പൽമാരുമായി ചർച്ച നടത്താനാണ് വിദ്യാഭ്യാസ മന്ത്രാലയവും സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷനും (സിബിഎസ്ഇ) ഉദ്ദേശിക്കുന്നത്.

ഡിഗ്രി അഡ്മിഷനെ ബാധിക്കാത്ത വിധത്തിൽ രണ്ടാമതൊരു സെറ്റ് ബോർഡ് എക്സാം കൂടി പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുക എന്നതായിരിക്കും ഇക്കാര്യത്തിൽ സിബിഎസ്ഇ നേരിടുന്ന പ്രധാന വെല്ലുവിളി.

# വിദേശനാണ്യ ശേഖരം കുത്തനെ ഇടിഞ്ഞു

**കൊച്ചി:** ലോകത്തിലെ മുൻനിര നാണയങ്ങൾക്കെതിരെ ഡോളർ ശക്തിയാർജിച്ചതോടെ രൂപയ്ക്ക് പിന്തുണ നൽകാൻ റിസർവ് ബാങ്ക് വിപണിയിൽ ഇടപെട്ടതിനാൽ ഇന്ത്യയുടെ വിദേശ നാണയ ശേഖരത്തിൽ കഴിഞ്ഞവാരം ഇടിവുണ്ടായി. റിസർവ് ബാങ്കിൻറെ കണക്കുകളനുസരിച്ച് ഏപ്രിൽ 1ന് അവസാനിച്ച വാരത്തിൽ ഇന്ത്യയുടെ വിദേശ നാണയ ശേഖരം 280 കോടി ഡോളർ കുറഞ്ഞ് 64,033 കോടി ഡോളറിലെത്തി. രണ്ടാഴ്ച മുൻപ് ഇന്ത്യയുടെ വിദേശ നാണയ ശേഖരം ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 64,852 കോടി ഡോളറിലായിരുന്നു.

പശ്ചിമേഷ്യയിലെ സംഘർഷങ്ങളും ഫെഡറൽ റിസർവിൻറെ പലിശ തീരുമാനത്തിലെ അനിശ്ചിതത്വവും ഡോളറിൻറെ മൂല്യത്തിൽ കുതിപ്പുണ്ടാക്കിയതോടെ രൂപയ്ക്ക് പിന്തുണ നൽകാനായി പൊതുമേഖല ബാങ്കുകൾ വഴി റിസർവ് ബാങ്ക് ഡോളർ വിറ്റുമാറിയതാണ് വിദേശ നാണയ ശേഖരത്തിൽ കുറവുണ്ടാക്കിയത്. അതേസമയം റിസർവ് ബാങ്കിൻറെ സ്വർണ ശേഖരത്തിൽ കഴിഞ്ഞവാരം മികച്ച വർധന രേഖപ്പെടുത്തി.



അതേസമയം വരും ദിവസങ്ങളിൽ ഇന്ത്യയുടെ വിദേശ നാണയ ശേഖരം മെച്ചപ്പെടുമെന്നാണ് അനലിസ്റ്റുകൾ പറയുന്നത്. അമെരിക്കയിലെ സാമ്പത്തിക വളർച്ച പ്രതീക്ഷിച്ചതിലും താഴെയെത്തിയതും നാണയപ്പെരുപ്പത്തിലെ വർധനയും കണക്കിലെടുത്ത് പലിശ കുറയ്ക്കാനുള്ള തീരുമാനം കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് വൈകിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടെ ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളർ ശക്തിയാർജിച്ചേക്കും.

നടപ്പുവർഷം മൂന്ന് തവണയെങ്കിലും മുഖ്യ പലിശ കുറയ്ക്കേണ്ടി വരുമെന്നാണ് നേരത്തെ ഫെഡറൽ റിസർവ് ചെയർമാൻ ജെറോം പവൽ വ്യക്തമാക്കിയിരുന്നത്. എന്നാൽ നാണയപ്പെരുപ്പ ഭീഷണി ശക്തമായതിനാൽ സെപ്റ്റംബറിന് ശേഷം മാത്രമേ പലിശ കുറയ്ക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകൂവെന്നാണ് അനലിസ്റ്റുകൾ ചൂണ്ടിക്കാട്ടുന്നത്. ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസത്തിൽ അമെരിക്കയിലെ വളർച്ചാ നിരക്ക് 1.6 ശതമാനമായാണ് താഴ്ന്നത്.

യുഎസ് വാണിജ്യ വിഭാഗത്തിൻറെ കണക്കുകളനുസരിച്ച് ഉപഭോക്തൃ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം 3.4 ശതമാനമായും ഉയർന്നു. നാണയപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി ഫെഡറൽ റിസർവ് രണ്ട് വർഷത്തിനിടെ നിരവധി തവണ പലിശ നിരക്ക് വർധിപ്പിച്ചെങ്കിലും കാര്യമായ ഗുണം ചെയ്യുന്നില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ക്രൂഡ് ഓയിൽ വില ഉയർന്ന തലത്തിൽ തുടരുന്നതാണ് പ്രധാന വെല്ലുവിളി. ഇപ്പോഴത്തെ ട്രെൻഡ് തുടർന്നാൽ ഇന്ത്യയുടെ വിദേശ നാണയ ശേഖരം അടുത്ത മാസം വീണ്ടും റെക്കോഡ് കീഴടക്കി പുതിയ ഉയരങ്ങളിലെത്തിയേക്കും.





# പെരിയാറിൽ ലക്ഷക്കണക്കിനു രൂപയുടെ മത്സ്യങ്ങൾ നശിച്ചു

**ഏലൂർ:** പെരിയാറിൽ ബുധനാഴ്ച ഉച്ച മുതൽ തുടർച്ചയായി മത്സ്യക്കുരുതി. ലക്ഷക്കണക്കിനു രൂപയുടെ മത്സ്യങ്ങളാണ് നശിച്ചത്. ബുധനാഴ്ച വൈകിട്ട് 3.30 മുതൽ തുടങ്ങിയ മത്സ്യക്കുരുതി ഇന്നലെ രാവിലെയും തുടർന്നു. വേലിയേറ്റത്തോടെയാണു മത്സ്യക്കുരുതി അവസാനിച്ചത്. പാതാളം റഗുലേറ്റർ ബ്രിജിനു മേൽത്തട്ടിൽ പുഴയിൽ കെട്ടിക്കിടന്ന മാലിന്യം ഷട്ടറുകൾ തുറന്നു താഴോട്ട് ഒഴുക്കിയതാണു മത്സ്യനാശത്തിനു കാരണമായത്. മലിനജലം കലർന്നു പുഴയുടെ താഴേത്തട്ടിൽ വെട്ടുകടവ് വരെ പുഴ പാൽ നിറത്തിലാണ് ഒഴുകിയത്. ദുർഗന്ധവും വ്യാപിച്ചിരുന്നു. കരിമീനുകൾക്കാണു കൂടുതലും നാശം സംഭവിച്ചത്. പാതാളം റഗുലേറ്റർ പാലത്തിനു താഴെ പുഴയുടെ മേൽത്തട്ടിൽ പെരിയാർ വൻതോതിൽ മാലിന്യം നിറഞ്ഞ നിലയിലായിരുന്നു.

ശുദ്ധജലം വഹിക്കുന്ന മേൽത്തട്ട് ഭാഗത്തു പലയിടത്തും പുഴയുടെ നിറം കറുത്തും ചിലഭാഗത്തു മറ്റു നിറങ്ങളിലുമാണു കഴിഞ്ഞദിവസങ്ങളിൽ കിടന്നിരുന്നത്. റഗുലേറ്റർ പാലത്തിന്റെ ലോക്ക്ഷട്ടറിനടിയിലൂടെ മലിനജലം താഴേത്തട്ടിലേക്ക് പ്രവഹിക്കുകയാണ്. രണ്ടും മൂന്നും ആഴ്ച കൂടുമ്പോൾ ഷട്ടറുകൾ തുറക്കുമ്പോഴൊക്കെ പെരിയാറിൽ വൻതോതിൽ മത്സ്യക്കുരുതി നടക്കുന്നു. പെരിയാറിന്റെ മലിനീകരണം തടയുന്നതിനുള്ള നടപടികളൊന്നും മലിനീകരണ നിയന്ത്രണ ബോർഡും ഇറിഗേഷൻ വകുപ്പും സ്വീകരിക്കുന്നില്ല. മലിനീകരണം യഥാസമയം അറിയുന്നതിനും ജലത്തിന്റെ ഗുണനിലവാരം തത്സമയം വിലയിരുത്തുന്നതിനും ലക്ഷങ്ങൾ മുടക്കി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലമില്ലാത്ത അവസ്ഥയാണ്.

# മെട്രോ തുമക്കൂരുവിലേക്ക്; സാധ്യതാ പഠനത്തിന് തയാറായി 8 കമ്പനികൾ

**ബെംഗളൂരു:** നമ്മ മെട്രോ മാതവാരയിൽ നിന്ന് തുമക്കൂരുവിലേക്ക് നീട്ടാനുള്ള സാധ്യതാ പഠന കരാറിൽ താൽപര്യം അറിയിച്ചത് 8 കമ്പനികൾ. 52.41 കിലോമീറ്റർ ദൂരം വരുന്ന പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി, നിർമാണ ചെലവ്, നേരിടാൻ സാധ്യതയുള്ള പ്രതിബന്ധങ്ങൾ എന്നിവ സംബന്ധിച്ച് 3 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം.ഗ്രീൻ ലൈനിന്റെ ഭാഗമായ നാഗസന്ദ്ര,മാതവാര പാതയാണ് തുമക്കൂരുവിലേക്ക് നീട്ടുന്നത്. കഴിഞ്ഞ സംസ്ഥാന ബജറ്റിലാണ് മെട്രോ സമീപജില്ലയായ തുമക്കൂരുവിലേക്ക് നീട്ടുന്നത് മുഖ്യമന്ത്രി സിദ്ധരാമയ്യ പ്രഖ്യാപിച്ചത്.

കെആർ പുരത്തെ റെയിൽവേ അടിപ്പാത അടച്ചതിൽ വിശദീകരണം ആവശ്യപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും റെയിൽവേക്കും ഹൈക്കോടതി നോട്ടിസ് അയച്ചു. ദൂരവാണിനഗർ സ്വദേശി മോണിക്ക മാലിനി നൽകിയ പൊതുതാൽപര്യ ഹർജിയിലാണ് ചീഫ്



ജസ്റ്റിസ് നിലയ് വിപിൻചന്ദ്ര അഞ്ജാരിയ അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് നിർദേശം നൽകിയത്. അടിപ്പാത അടച്ചതോടെ എൻആർ ലേഔട്ട്, വൃന്ദാവൻ ലേഔട്ട്, വിജനപുര, കസ്തൂരിനഗർ എന്നിവിടങ്ങളിലേക്കുള്ളവർ കിലോമീറ്ററുകൾ അധികം സഞ്ചരിക്കേണ്ട അവസ്ഥയാണെന്നും ഹർജിയിൽ പറയുന്നു.

നമ്മ മെട്രോ മൂന്നാംഘട്ടത്തിലുൾപ്പെടുന്ന ഹെബ്ബാൾ,സർജാപുര പാതയുടെ വിശദ പദ്ധതി റിപ്പോർട്ട് പൂർത്തിയായി.

35 കിലോമീറ്റർ ദൂരം വരുന്ന പാതയിൽ ഹെബ്ബാൾ മുതൽ കോറമംഗല വരെയുള്ള 16.8 കിലോമീറ്റർ ദൂരം ഭൂഗർഭപാതയാണ്. 2028ൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷ. 15,000 കോടി രൂപയാണു ചെലവ്.



# സൗരോർജത്തിൽ തമിഴകത്തിളക്കം; ഉൽപാദിപ്പിച്ചത് 40.50 ദശലക്ഷം യൂണിറ്റ് വൈദ്യുതി

**ചെന്നൈ:** കനത്ത വെയിലും ചൂടും മൂലം വൈദ്യുതി ഉപഭോഗം കുത്തനെ ഉയരുമ്പോഴും സൗരോർജ ഉൽപാദനത്തിൽ തമിഴ്നാട് മികവു തുടരുന്നു. കഴിഞ്ഞ ചൊവ്വാഴ്ച 40.50 ദശലക്ഷം യൂണിറ്റ് വൈദ്യുതി സൗരോർജത്തിലൂടെ സംസ്ഥാനം ഉൽപാദിപ്പിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപഭോഗമുള്ള തമിഴ്നാട്ടിൽ ഉഷ്ണതരംഗം, പൊതുതിരഞ്ഞെടുപ്പ്, ഐപിഎൽ മത്സരങ്ങൾ തുടങ്ങിയവ മൂലം വൈദ്യുതി ആവശ്യം 20,341 മെഗാവാട്ടെന്ന എക്കാലത്തെയും ഉയർന്ന നിരക്കിലെത്തി.

ടാൻജെഡ്കോയുടെ സ്വന്തം താപവൈദ്യുതി ശേഷി 4,320 മെഗാവാട്ടാണ്. സെൻട്രൽ ജനറേറ്റിങ് സ്റ്റേഷനുകളിൽ (സിജിഎസ്) സംസ്ഥാന വിഹിതം, ദീർഘകാല, ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറുകൾ എന്നിവ വഴി 16,417.38 മെഗാവാട്ടാണു സംസ്ഥാനത്തിനു ലഭിക്കുക. പവർ എക്സ്ചേഞ്ചുകളിൽ നിന്നു വാങ്ങിയും കാറ്റ്, സൗരോർജം തുടങ്ങിയവയിലൂടെയും ലഭ്യതയിലെ കുറവ് നികത്തുകയാണു പതിവ്.

# മത്സ്യക്ഷാമം രൂക്ഷം; കണ്ണീർക്കടലിൽ മത്സ്യത്തൊഴിലാളികൾ



**വൈപ്പിൻ:** ചൂട് വർധിച്ചതിനെ തുടർന്ന് കടലിൽ മത്സ്യക്ഷാമം രൂക്ഷമായി. ഇന്ധനച്ചെലവിനുള്ള വരുമാനം പോലും കിട്ടാതായതോടെ മത്സ്യബന്ധന ബോട്ടുകളിൽ ഭൂരിഭാഗവും തീരത്ത് വിശ്രമത്തിലാണ്. ഏതാണ്ട് 6 മാസമായി തുടരുന്ന വറുതിയാണ് ഇപ്പോൾ പാരമ്യത്തിലെത്തിയിരിക്കുന്നതെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നു. ദിനംപ്രതി ചൂട് കൂടി വരുന്നതിനാൽ മത്സ്യക്കൂട്ടങ്ങൾ തീരക്കടലിൽ നിന്ന് അപ്രത്യക്ഷമായ അവസ്ഥയിലാണ്. വേനൽ മഴ ശക്തമായി കടൽ തണുക്കുന്ന തോടുകൂടി മാത്രമേ മത്സ്യസാന്നിധ്യം ദൃശ്യമാവുകയുള്ളുവെന്നും തൊഴിലാളികൾ പറയുന്നു.സാധാരണഗതിയിൽ ഈ സമയത്ത് ലഭിക്കേണ്ട മത്സ്യങ്ങൾ ഒന്നും കടലിൽ കാണാനില്ലാത്ത അവസ്ഥയാണത്രേ. അയല മോശമല്ലാത്ത തരത്തിൽ കിട്ടേണ്ട സമയമാണെങ്കിലും തീരെ ലഭ്യമല്ല. കേര, തളയൻ, ചുവന്ന ചെമ്മീൻ എന്നിവയും ഈ സമയത്ത് കിട്ടേണ്ടതാണ്. കണവ മാത്രം ലക്ഷ്യമിട്ട് ബോട്ടുകൾ കടലിൽ ഇറങ്ങുന്ന സമയമാണെങ്കിലും ലഭ്യത തീരെ കുറഞ്ഞു. ലക്ഷക്കണക്കിന് രൂപയുടെ ഡീസലും സംഭരിച്ച് കടലിൽ ഇറങ്ങിയാൽ ദിവസങ്ങൾക്ക് ശേഷം മടങ്ങിയെത്തുമ്പോൾ ഒന്നും നീക്കിയിരിപ്പില്ലാത്ത അവസ്ഥയാണെന്ന് ബോട്ടുടമാ സംഘം ഭാരവാഹിയായ പി.പി.ഗിരീഷ് ചൂണ്ടിക്കാട്ടി.

7 ലക്ഷം രൂപയുടെ മത്സ്യം ലഭിച്ച ബോട്ടിനു പോലും ചെലവെല്ലാം കഴിയുമ്പോൾ നഷ്ടക്കണക്കാണ് പറയാനുള്ളത്. ഭൂരിഭാഗം ബോട്ടുകളും ഇത്തരത്തിൽ കടക്കെണിയിൽ ആയിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. സാധാരണഗതിയിൽ ഈസ്റ്റർ അവധി കഴിഞ്ഞ് ഇതര സംസ്ഥാന തൊഴിലാളികൾ മടങ്ങിയെത്തുന്നതോടു കൂടി സജീവമാകാറുള്ള ഹാർബറുകൾ ഇപ്പോൾ വിജനമായ അവസ്ഥയിലാണ്. ഇതേ തുടർന്നു തൊഴിലാളികൾ ഒരു വിഭാഗം വീണ്ടും നാട്ടിലേക്ക് മടങ്ങുകയും ചെയ്തു. ഇപ്പോഴത്തെ അവസ്ഥ എത്രനാൾ തുടരുമെന്ന് വ്യക്തമല്ലെന്നും ഈ രംഗത്തുള്ളവർ പറയുന്നു.മറ്റു സംസ്ഥാനങ്ങളിലും മീൻ ലഭ്യത മോശമായതിനാൽ അവിടെ നിന്നുള്ള ബോട്ടുകളും കേരള തീരത്തേക്ക് എത്തി അശാസ്ത്രീയമായ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതായി തൊഴിലാളികൾ പറയുന്നു. ഇത്തരം ബോട്ടുകളെ നിയന്ത്രിക്കാൻ നിലവിൽ സംവിധാനം ഒന്നും ഇല്ലാത്തതും സ്ഥിതിഗതികൾ രൂക്ഷമാക്കുന്നു കടൽ മീൻ ലഭ്യത കുറഞ്ഞതോടെ കുറഞ്ഞ വിലയ്ക്ക് സാധാരണക്കാർക്ക് മീൻ ലഭ്യമാകുന്ന സാഹചര്യവും ഇല്ലാതായിട്ടുണ്ട്.. കായൽ മീനുകൾ കുറഞ്ഞ തോതിൽ പ്രാദേശിക വിപണിയിൽ എത്തുന്നുണ്ടെങ്കിലും വില കൂടുതലായതിനാൽ പലർക്കും വാങ്ങി ഉപയോഗിക്കാൻ കഴിയുന്നില്ല.

# കൊക്കോ: മികച്ച തോട്ടത്തിനും മികച്ച വിളവിനും നല്ലതു മാത്രം നടുക



ഉൽപാദനമികവുള്ള കൊക്കോച്ചെടിയുടെ കായ്കൾ മുളപ്പിച്ച് തൈകളുണ്ടാക്കുന്നതാണ് മിക്കവരുടെയും രീതി. പരപരാഗണത്തിലൂടെ കായ്കൾ ഉണ്ടാകുന്ന ചെടിയാണു കൊക്കോ. അതുകൊണ്ടു തന്നെ ഇങ്ങനെ തയാറാക്കുന്ന തൈകൾ നട്ടാൽ എല്ലാം ഒരേപോലെ മികച്ച ഫലം നൽകണമെന്നില്ല. ശാസ്ത്രീയമായി നട്ടുവളർത്തിയ തോട്ടങ്ങളിൽനിന്നുതന്നെ നടീൽവസ്തുക്കൾ ശേഖരിക്കുക. ഈയാവശ്യത്തിനു കേരള കാർഷിക സർവകലാശാലയിൽ പോളിക്ലോണൽ തോട്ടങ്ങൾ പരിപാലിക്കുന്നുണ്ട്. ഇവിടെ ഉൽപാദിപ്പിക്കുന്ന കൊക്കോതൈകൾ സർവകലാശാലയുടെ കൊക്കോ ഗവേഷണകേന്ദ്രത്തിൽ ലഭ്യമാണ്. കാഡ്ബറി വഴിയും വിതരണം ചെയ്യുന്നുണ്ട്. 3 മീറ്റർ അകലത്തിൽ കൊക്കോ നടാം. തെങ്ങിനും കമുകിനും യോജിക്കുന്ന മികച്ച ഇടവിളയാണ് കൊക്കോ.

തട്ടുതട്ടായി വളരുന്ന കൊക്കോച്ചെടിക്ക് യഥാകാലം പ്രൂണിങ് (കമ്പുകോതൽ) ആവശ്യമാണ്. അതല്ലെങ്കിൽ നട്ട് 5, 8 വർഷങ്ങൾക്കുള്ളിൽ ചെടി പല തട്ടായി വളർന്ന് 8,12 മീറ്റർ ഉയരമെത്തും. മഴക്കാലത്തിനു തൊട്ടുമുൻപുള്ള കമ്പുകോതൽ രീതിയാണ് ഓപ്പൺ സെന്റർ പ്രൂണിങ്. മധ്യഭാഗത്തെ കമ്പുകൾ നീക്കി കുട മലർത്തി വച്ചപോലുള്ള ആകൃതി ചെടിക്കു നൽകി സൂര്യപ്രകാശലഭ്യത വർധിപ്പിച്ച്, കൂടുതൽ പൂക്കളും കായ്കളും ഉണ്ടാകാൻ സഹായിക്കുന്ന പ്രൂണിങ് രീതിയാണിത്. വേനൽക്കാലത്തിനു തൊട്ടു മുൻപ് ക്ലോസ്ഡ് സെന്റർ പ്രൂണിങ് വഴി വശങ്ങളിലെ അധിക കമ്പുകൾ നീക്കി ചെടിക്കു കുട നിവർത്തിവച്ച പോലുള്ള ആകൃതി നൽകുന്നു. വേനലിലെ കടുത്ത സൂര്യരശ്മികളിൽനിന്ന് തടിയെ (പുഷ്പിക്കുന്ന ഭാഗം) രക്ഷിക്കാൻ ഈ രീതി സഹായകം. പ്രൂണിങ് വഴി തോട്ടത്തിൽ നല്ല വായുസഞ്ചാരം ഉറപ്പാക്കാം. കുമിൾരോഗസാധ്യത കുറയുകയും ചെയ്യും.

കൊക്കോക്കൃഷിയുടെ ആദ്യ കാലങ്ങളിൽ കള നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ, ഒരു കാരണവശാലും കളനാശിനി ഉപയോഗിക്കരുത്. കളനാശിനി പ്രയോഗിച്ച തോട്ടങ്ങളിൽ കായ്പിടിത്തം കുറയുന്നതായി കാണുന്നുണ്ട്. കൊക്കോയെ ആക്രമിക്കുന്ന തേയിലക്കൊതുക് ചില സീസണിൽ വളരെക്കൂടുതലാണ്. രാസവസ്തുക്കൾ ഉപയോഗിച്ച് അവയെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ പരാഗണം നടത്തുന്ന ചെറുപ്രാണികൾ കൂടി ഇല്ലാതാകും. അതുവഴിയും കായ്പിടിത്തം കുറയും. തോട്ടത്തിലെ കളച്ചെടികൾ നീക്കുന്നതുവഴി ഈ കീടത്തെ നിയന്ത്രിക്കാം. മഴക്കാലത്ത് ഏറെ ഉപദ്രവമുണ്ടാക്കുന്ന രോഗമാണ് ഫൈറ്റോഫ്തോറ. കവാത്തു നടത്തി തോട്ടത്തിൽ വായുസഞ്ചാരം ഉറപ്പുവരുത്തിയാൽ തന്നെ ഈ രോഗം കുറച്ചൊക്കെ നിയന്ത്രിക്കാം.

വില ഉയരുന്ന സാഹചര്യത്തിൽ, കൊക്കോക്കുരു ഉണക്കി സൂക്ഷിക്കുന്നവർ ഗുണമേന്മ നഷ്ടപ്പെടാതെ സംസ്കരിക്കാൻ ശ്രദ്ധിക്കണം. നന്നായി പുളിപ്പിച്ച ശേഷം കൃത്യമായിത്തന്നെ ഉണക്ക് പൂർത്തിയാക്കണം. കുരുവിലെ ഈർപ്പാംശം 7% എത്തിക്കണം. ഈർപ്പം കൂടിയാൽ പൂപ്പലിനു സാധ്യതയുണ്ട്. അതുവഴി കുരുവിനുള്ളിലെ ഫ്രീ ഫാറ്റി ആസിഡിന്റെ തോത് കൂടുകയും, ഭക്ഷ്യ യോഗ്യമല്ലാതാവുകയും ചെയ്യും. ശരിയായി ഉണക്കിയെടുത്ത കുരു വായു കടക്കാത്ത, ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക് പത്രങ്ങളിൽ 6 മാസത്തോളം കേടാകാതെ സൂക്ഷിക്കാം. ഇടയ്ക്ക് ഒന്നോ രണ്ടോ തവണ വെയിൽ കൊള്ളിക്കണം.

# പോഷകങ്ങളാൽ സമ്പന്നം ലോലോലിക്ക



ലൂവിക്ക, ലവി,ലവി, ഇന്ത്യൻ പ്ലം എന്നി പേരുകളിൽ അറിയപ്പെടുന്ന ഫലവൃക്ഷത്തിൽ ചുവന്നുതുടുത്ത പഴങ്ങൾ കായ്ച്ചു കിടക്കുന്നത് മനോഹരദൃശ്യമാണ്. അതിനാൽ ഉദ്യാനസസ്യമായും വളർത്താൻ യോജ്യം.

ഉഷ്ണമേഖലാ, മിതോഷ്ണമേഖലാ രാജ്യങ്ങളിൽ (ഇന്ത്യ, ബംഗ്ലദേശ്, മലേഷ്യ, സിംഗപ്പൂർ, ശ്രീലങ്ക) എന്നിവിടങ്ങളിൽ ധാരാളമായി കണ്ടുവരുന്നു. 5 മുതൽ 10 മീറ്റർ വരെ ഉയരത്തിൽ വളരുന്ന മരത്തിന്റെ ഇലകൾക്ക് നല്ല മിനുസവും തിളക്കവുമുണ്ട്. തളിരിലകൾക്ക് ആദ്യം ചുവപ്പുനിറവും പിന്നീട് തവിട്ടുനിറവുമാകും. സെപ്റ്റംബർ, ഒക്ടോബറാണ് പൂക്കാലം തുടങ്ങുക. വർഷത്തിൽ രണ്ടു തവണ പൂക്കുകയും കായ്ക്കുകയും ചെയ്യും. പൂക്കൾക്ക് പച്ചകലർന്ന വെളുപ്പുനിറമാണ്. മൃദുഗന്ധവുമുണ്ടായിരിക്കും. കായ്കൾ ഉരുണ്ടതാണ്. പഴുക്കുമ്പോൾ വശ്യമായ ചുവപ്പു നിറം. പഴുത്ത കായ്കൾക്ക് പുളിപ്പു കലർന്ന മധുരം. ഇവ പാകം ചെയ്യാതെയും കഴിക്കാം.

ഓരോ കായയിലും 4,5 പരന്ന വിത്തുകളുണ്ടാവും. വിത്തുകൾക്കു കട്ടിയുള്ളതിനാൽ കിളിർപ്പുശേഷി കുറവാണ്. പതിവച്ച തൈകൾ നടുന്നപക്ഷം നേരത്തേ പൂക്കുകയും കായ്ക്കുകയും ചെയ്യും. പൂക്കളുണ്ടായി കായ്പിടിക്കാൻ മൂന്നു മാസത്തോളമെടുക്കും.

കാരറ്റ്, ഉപ്പ്, കറിവേപ്പില, ഏലത്തരി, തേൻ ചേർന്നാൽ 'റോയൽ ഫുഡ്': നാടൻ തേൻരുചികൾ അറിയാംനല്ല ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയാണ് വളർച്ചയ്ക്കു യോജ്യം. നല്ല നീർവാർച്ചയുള്ള മണൽ മണ്ണാണ് ഏറ്റവും നല്ലത്. നിലം നന്നായി കിളച്ചൊരുക്കി 11/2 ഃ 11/2 ത 11/2 അടി താഴ്ചയിൽ കുഴിയെടുത്ത് മേൽമണ്ണും കുമ്മായവും ചേർത്ത് യോജിപ്പിക്കുക.

ട്രൈക്കോഡെർമ സമ്പുഷ്ട ചാണകവും എല്ലുപൊടിയും വേപ്പിൻ പിണ്ണാക്കും ചേർത്ത് നന്നായി ഇളക്കി, ഒരാഴ്ചയ്ക്കുശേഷം നന്നായി വേരുംപിടിച്ച് പതിവച്ച തൈകൾ (രണ്ടു മാസം പ്രായമായത്) നടുക. ചെറുപ്രായത്തിൽ വരുന്ന പൂക്കൾ നുള്ളിക്കളയുക. ഒരു വർഷത്തിനു ശേഷം പൂക്കാൻ

# ഇവാൻ വുകോമാനോവിച്ച് ബ്ലാസ്റ്റേഴ്സ് വിട്ടു

**കൊച്ചി :** ഇവാൻ വുകോമാനോവിച്ച് ബ്ലാസ്റ്റേ ഴ്സ് വിട്ടു.2021 ൽ ക്ലബ്ബിനൊപ്പം ചേർന്ന ഇവാൻ വുകോമാനോവിച്ച് ക്ലബിനായി ചരിത്ര നേട്ടങ്ങൾ കൈവരിച്ച ശേഷമാണ് പടിയിറങ്ങുന്നത്. തുടർച്ചയായി മൂന്ന് തവണ ടീമിനെ പ്ലേഓഫിൽ എത്തിച്ച ഇവാന് ആദ്യ സീസണിൽ തന്നെ ടീമിനെ ഫൈനലിൽ എത്തിക്കുവാനും സാധിച്ചു. 2021 22 സീസണിൽ ക്ലബ്ബിന്റെ ചരിത്രത്തിൽ ഒരു സീസണിലെ ഉയർന്ന പോയിന്റ്, ഏറ്റവും കൂടുതൽ ഗോളുകൾ എന്നീ നേട്ടങ്ങൾ സ്വന്തമാക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു.



ടീമിന്റെ വളർച്ചക്കായി കഴിഞ്ഞ മൂന്ന് വർഷം ഇവാൻ വുകോമാനോവിച്ച് ഒരുപാട് സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് സ്പോർട്ടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. അദ്ദേഹത്തോടൊപ്പം ഇക്കാലയളവിൽ ഒരുമിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കേരള ബ്ലാസ്റ്റേഴ്സിന് വേണ്ടി ഇവാൻ ചെയ്ത എല്ലാ കാര്യങ്ങൾക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ക്ലബ്ബിന്റെ ചരിത്രത്തിലെ ഏറ്റവും പ്രയാസകരമായ തീരുമാനങ്ങളിൽ ഒന്നാണിതെന്ന്ഡയറക്ടർ നിഖിൽ ബി നിമ്മഗദ്ദ പറഞ്ഞു

ആദ്യ ദിവസം മുതൽ എനിക്ക് ഇവാനുമായി വളരെ അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്. അദ്ദേഹവുമായുള്ള ഈ വേർപിരിയലിൽ ഞാൻ ഖേദിക്കുന്നു, പക്ഷേ ക്ലബ്ബിന്റെ മുന്നോട്ടുള്ള യാത്രയ്ക്ക് ഇതാണ് ശരിയായ തീരുമാനമെന്ന് ഞാൻ വിശ്വസിക്കുന്നു. ക്ലബിനായി അദ്ദേഹം നടപ്പിലാക്കിയ കാര്യങ്ങൾക്കും ഒപ്പം ക്ലബ്ബിന്റെ ഭാവിക്കായി അദ്ദേഹം സ്ഥാപിച്ച അടിത്തറയ്ക്കും ഞാനെന്നും അദ്ദേഹത്തോട് നന്ദിയുള്ളവനായിരിക്കും. അദ്ദേഹം എന്നും ബ്ലാസ്റ്റേഴ്സ് കുടുംബത്തിലെ അവിഭാജ്യ അംഗമായിരിക്കും. അദ്ദേഹത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

കോച്ച് ഇവാനും ഫ്രാങ്കിനും ഇക്കാലയളവിലെ അവരുടെ പരിശ്രമത്തിനും അർപ്പണബോധത്തിനും കഠിനാധ്വാനത്തിനും ക്ലബ്ബ് നന്ദി അറിയിക്കുന്നു.

കേരളാ ബ്ലാസ്റ്റേഴ്സിന്റെ കാഴ്ചപ്പാടുകൾക്കും ലക്ഷ്യങ്ങൾക്കും അനുയോജ്യനായൊരു പുതിയ പരിശീലകനെ നിയമിക്കുന്നതിനുള്ള നടപടികൾ ക്ലബ് ഉടൻ ആരംഭിക്കുമെന്നും ഡയറക്ടർ നിഖിൽ ബി നിമ്മഗദ്ദ പറഞ്ഞു.

# നിലവിലെ 7 ശതമാനം പലിശനിരക്ക് കുറഞ്ഞേക്കും

**കോഴിക്കോട്:** അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ നിലവിലെ ഏകദേശ നിരക്കിൽ നിന്ന് ഇന്ത്യയിലെ പലിശനിരക്ക് കുറയുമെന്ന് വിപണി വിദഗ്ധരുടെ അഭിപ്രായം. നിലവിലെ 7 ശതമാനം പലിശനിരക്ക് ഒരു ആന്വിറ്റി ഉൽപ്പന്നത്തിൽ ഉപഭോക്താക്കൾക്ക് അവരുടെ നിക്ഷേപം ഉറപ്പിക്കാനുള്ള അവസരമാണ് നൽകുന്നതെന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നു. ലൈഫ് ഇൻഷുറൻസ് കമ്പനികൾ മാത്രം വാഗ്ദാനം ചെയ്യുന്ന പെൻഷൻ അല്ലെങ്കിൽ ആന്വിറ്റി ഉൽപ്പന്നങ്ങൾ ഉറപ്പായ ആജീവനാന്ത വരുമാനമാണ് ഉപഭോക്താക്കൾക്ക് ഉറപ്പുനൽകുന്നത്.

വാങ്ങുന്ന സമയത്ത് തന്നെ പലിശ നിരക്ക് ലോക്ക് ഇൻ ചെയ്തിരിക്കും. പലിശ നിരക്കുകൾ മാറാത്ത, ആന്വിറ്റി അല്ലെങ്കിൽ പെൻഷൻ ഉൽപ്പന്നങ്ങൾ എന്നിവയെ ബാധിക്കാത്ത സ്ഥിരമായ വരുമാനമാണ് റിട്ടയർ ചെയ്യുന്നവർ താൽപര്യപ്പെടുന്നത്.

സാമ്പത്തികമായി സ്വതന്ത്രരാകാൻ അവരെ പ്രാപ്തരാക്കുന്ന മികച്ച ഓപ്ഷനായിരിക്കും ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി പോലുള്ള ഒരു ആന്വിറ്റി ഉൽപ്പന്നത്തിലെ നിക്ഷേപം. റിട്ടയർമെന്റിന് ശേഷം ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു വരുമാനം ഉറപ്പാക്കുന്നതാണ് ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി.

അടച്ച എല്ലാ പ്രീമിയങ്ങളുടെയും 100% റീഫണ്ട് നൽകുന്ന ലൈഫ് ഇൻഷുറൻസ് രംഗത്ത് ഇത്തരത്തിലുള്ള ആദ്യ ഉത്പന്നം കൂടിയാണിത്. ഇനി മുന്നോട്ട് പലിശ നിരക്ക് കുറയുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ, ഇപ്പോൾ ഒരു ആന്വിറ്റി ഉൽപ്പന്നം വാങ്ങുന്ന ഉപഭോക്താക്കൾക്ക് അവരുടെ നിക്ഷേപം നിലവിലെ പലിശ നിരക്കിൽ ലോക്ക്ഇൻ ചെയ്യാൻ കഴിയുമെന്നും വിദഗ്ധർ പറയുന്നു.

# സിഎസ്ബി ബാങ്കിന് 567 കോടി അറ്റാദായം

## മുൻവർഷത്തെ 547 കോടി രൂപയേക്കാൾ 4 ശതമാനം വർധനവാണിത്

**കൊച്ചി:** സിഎസ്ബി ബാങ്ക് 2024 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ 567 കോടി രൂപ അറ്റാദായം കൈവരിച്ചു. മുൻവർഷത്തെ 547 കോടി രൂപയേക്കാൾ 4 ശതമാനം വർധനവാണിത്. ബാങ്കിൻറെ പ്രവർത്തന ലാഭം ഇക്കാലയളവിൽ 10 ശതമാനം വർധിച്ച് 780 കോടി രൂപയിലും എത്തിയിട്ടുണ്ട്. അറ്റ പലിശ വരുമാനം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 11 ശതമാനം വർധിച്ച് 1476 കോടി രൂപയിലെത്തി. പലിശ ഇതര വരുമാനത്തിൽ 85 ശതമാനം വളർച്ചയാണു കൈവരിച്ചത്. 2024 മാർച്ച് 31ലെ അറ്റ നിഷ്ക്രിയ ആസ്തികൾ 0.51 ശതമാനമാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൻറെ നാലാം ത്രൈമാസത്തിൽ 151.46 കോടി രൂപ അറ്റാദായവും 228 കോടി രൂപ പ്രവർത്തന ലാഭവും കൈവരിച്ചതായും കണക്കുകൾ സൂചിപ്പിക്കുന്നു. വെല്ലുവിളികൾക്കിടയിലും തങ്ങൾക്ക് മികച്ച പ്രകടനം കാഴ്ച വെക്കാനായി, ബിസിനസിൽ 20 ശതമാനം വളർച്ചയോടെയാണ് 567 കോടി രൂപയുടെ അറ്റാദായം കൈവരിക്കാനായതെന്നും മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രലായ് മൊണ്ടൽ പറഞ്ഞു.

# നിസാൻ സൗജന്യ എസി ചെക്ക് അപ്പ് ക്യാമ്പുകൾ ആരംഭിച്ചു

**കൊച്ചി:** നിസാൻ രാജ്യത്തുള്ള 120 സർവീസ് വർക്ക് ഷോപ്പുകളിൽ സൗജന്യ എസി ചെക്ക് അപ്പ് ക്യാമ്പ് ആരംഭിച്ചു. ജൂൺ 15 വരെ നടക്കുന്ന ക്യാമ്പുകളിൽ ഉപഭോക്താക്കൾക്ക് നിരവധി ഡിസ്കൗണ്ടുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ലേബർ ചാർജുകളിൽ 20 ശതമാനം ഡിസ്കൗണ്ടിന് പുറമെ, മൂല്യ വർദ്ധിത സേവനങ്ങൾക്ക് 10 ശതമാനം അധിക ഇളവും ലഭിക്കും. നിസാൻ വൺ ആപ്പ് വഴിയോ വെബ്സൈറ്റ് വഴിയോ സർവീസ് ബുക്ക് ചെയ്യാവുന്നതാണ്. നിസാന് പുറമെ, ഡാറ്റ്സൻ വാഹനങ്ങൾക്കും സർവീസ് ക്യാമ്പിൽ പങ്കെടുക്കാം.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663